ഉത്തരം

(എ) ഉണ്ട്. കൽക്കരിക്ക് പകരം പ്രകൃതി വാതകം ഉപയോഗിച്ചുള്ള 1100–1200 മെഗാവാട്ട് ശേഷിയുള്ള താപനിലയം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഉണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റിന്റെ ടേംസ് ഓഫ് റഫറൻസ് (ToR) അനുസരിച്ചുള്ള പരിസ്ഥിതി ആഘാതത്തെ കുറിച്ചുള്ള പഠനങ്ങൾ പുരോഗമിച്ചു വരുന്നു.

(സി) കൽക്കരി ഉപയോഗിക്കുന്നില്ല.

നെല്ലുൽപാദക പാടശേഖര സമിതിയുടെ വൈദ്യുതി കുടിശ്ശിക

147(2400) ശ്രീ. എം. വി. ശ്രേയാംസ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദിനാങ്കം പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്പറ്റ മണ്ഡലത്തിലെ കല്ലുവെട്ടാംതാഴെ-കൊളത്രവയൽ പാടശേഖര നെല്ലുൽപ്പാദക സമിതിക്ക് പ്രത്യേക നെല്ലുൽപാദന പദ്ധതിക്കായി മിനിമം ഗ്യാരണ്ടി വ്യവസ്ഥയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) വൈദ്യുതി കുടിശ്ശിക വരുത്തിയതിനാൽ നെല്ലുൽപ്പാദക സമിതിക്കുവേണ്ടി മിനിമം ഗ്യാരണ്ടി വ്യവസ്ഥയിൽ ഒപ്പു രേഖപ്പെടുത്തിയ സമിതി അംഗത്തിനെതിരെ വൈദ്യുതി വകുപ്പ് ജപ്തി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇതിനെതിരെ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പരാതികളിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പാടശേഖര സമിതിയുടെ വൈദ്യുതി കുടിശ്ശിക എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കല്ലുവെട്ടാംതാഴെ-കൊളത്രവയൽ പാടശേഖര നെല്ലുൽപാദക സമിതിക്ക് മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ സമിതി പ്രസിഡന്റ് ശ്രീ. പി. വി. ജോസഫിന്റെ പേരിൽ 7 വർഷം (23-10-1999 മുതൽ 22-10-2006 വരെ) മിനിമം ഗ്യാരണ്ടി കാലാവധി നിശ്ചയിച്ച് വൈദ്യുതി കണക്ഷൻ നൽകിയിരുന്നു.

(ബി) സമിതി പ്രസിഡന്റിനെതിരെ ജപ്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി&ഡി) ഉണ്ട്. നിലവിലുള്ള നിയമപ്രകാരമാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. കൂടാതെ കോടതിയിൽ കേസ് നിലവിലുണ്ട്.

(ഇ) കൃഷി വകുപ്പിൽ നിന്ന് വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly